**Deepika**

**27 August 2018**

**Kumali; Flood**



മുല്ലപ്പെരിയാർ അന്താരാഷ്ട്ര സമിതി

# അനക്കമില്ലാതെ കേരളം

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താൻ അന്താരാഷ്ട്ര വിദഗ്ധ സംഘത്തെക്കൊണ്ടു പരിശോധിപ്പിക്കണമെന്ന ആവശ്യത്തിൽ കേരളത്തിനു മെല്ലപ്പോക്ക്. ഇക്കാര്യത്തിൽ സംസ്ഥാനം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചു സുപ്രീംകോടതിയെ സമീപിക്കുമെന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്തു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചെങ്കിലും മുന്നോട്ടുപോയില്ല.

ഒരേയൊരു വിദഗ്ധ സംഘത്തിന്റെ റിപ്പോർട്ട് കണക്കിലെടുത്താണ് സുപ്രീംകോടതി തമിഴ്നാടിന് അനുകൂലമായ ഉത്തരവിറക്കിയതെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനെ കേരളം ചോദ്യം ചെയ്തില്ല. ഡാം വിഷയത്തിൽ സെക്കൻഡ് ഒപ്പീനിയൻ എടുക്കാൻ അന്താരാഷ്ട്ര വിദഗ്ധരുൾപ്പെടുന്ന വിദഗ്ധ സംഘത്തെക്കൊണ്ട് അണക്കെട്ട് പരിശോധിപ്പിക്കാൻ കോടതിയിൽ ആവശ്യപ്പെട്ടതുമില്ല.

ഇക്കാര്യം ദീപിക ചൂണ്ടിക്കാണിച്ചതോടെയാണ് നടപടിയെടുക്കുമെന്ന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചിരുന്നത്. എന്നാൽ, പുതിയ സർക്കാർ വന്നിട്ടും ഇക്കാര്യത്തിൽ നടപടിയുണ്ടായിട്ടില്ല.

മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ടു കോടതിയിൽ നടക്കുന്ന കേസുകളിൽ കേരളം തെളിവുകൾ ഹാജരാക്കാത്തതുകൊണ്ടാണ് പരാജയപ്പെട്ടുകൊണ്ടിരുന്നതെന്ന് കഴിഞ്ഞ ദിവസം അനുകൂലവിധി നേടിയെടുത്ത അഡ്വ. റസൽ ജോയി ദീപികയ്ക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞിരുന്നു.